# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 627 09.07.2014-ൽ മറുപടിക്ക്**

**വാണിജ്യ നികുതി പരിശോധനയ്ക്ക് സ്കാനിംഗ് മെഷീനുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ.കെ.എം.മാണി.<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വാണിജ്യ നികുതി പരിശോധനാ കേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ) | ചെക്ക്പോസ്റ്റ് നവീകരണത്തിന്റെ ഭാഗമായി ചെക്ക്പോസ്റ്റുകളിൽ മൊബൈൽ വെഹിക്കിൾ സ്കാനർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തുന്നതിനായി 13.03.2014-ലെ ജി.ഒ.(ആർ.റ്റി) നം.208/2014/നി.വ ഉത്തരവ് പ്രകാരം നികുതി വകുപ്പ് സെക്രട്ടറി ചെയർമാനും, രജിസ്ട്രാർ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ കൺവീനറും വാണിജ്യ നികുതി കമ്മീഷണർ, എക്സൈസ് കമ്മീഷണർ, മോട്ടോർ വെഹിക്കിൾസ് കമ്മീഷണർ, കൂടാതെ ടി മൂന്ന് വകുപ്പദ്ധ്യക്ഷന്മാർ നിർദ്ദേശം ചെയ്യപ്പെടുന്ന പ്രസ്തുത വകുപ്പുകളിലെ കമ്പ്യൂട്ടർ വിഭാഗത്തിന്റെ ചുമതലയുള്ള ഓരോ സീനിയർ ഉദ്യോഗസ്ഥന്മാരും മെമ്പർമാരായുള്ള 8 അംഗ സമിതി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) (സി) & (ഡി) | സമിതിയുടെ പഠനറിപ്പോർട്ട് ലഭ്യമായതിനുശേഷമേ ഇക്കാര്യം വ്യക്തമാക്കാനാവൂ. |
| (സി) | ചരക്കുകളുടെ പരിശോധന കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പ്രസ്തുത നടപടി എത്രമാത്രം സഹായകരമാകും എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**